# ഈശോയുടെ തിരുഹൃദയ നൊവേന

## പ്രാരംഭ പ്രാർത്ഥന

**കാർമ്മി:** അനന്ത നന്മസ്വരൂപിയായ ദൈവമേ, ***(സമൂഹവും ചേർന്ന്)*** അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. അങ്ങേ ഏക പുത്രനെ ഈ ലോകത്തിലേക്കയച്ച് / പാപാന്ധകാരത്തിൽ നിപതിച്ച മനുഷ്യരാശിയെ / രക്ഷിക്കാൻ തിരുമനസായതിനെ ഓർത്ത് / ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. ഞങ്ങളുടെ രക്ഷയും ആശ്രയവുമായ ഈശോയെ, പാപികളായ ഞങ്ങളോരോരുത്തരെയും / അങ്ങ് കാത്തുരക്ഷിക്കണമേ. അങ്ങേ ദിവ്യഹൃദയം വഴിയായി അപേക്ഷിക്കുന്ന സകലവും / ലഭിക്കുമെന്ന് അങ്ങ് വാഗ്ദാനം ചെയ്തിട്ടുണ്ടല്ലോ. ഈശോയുടെ തിരുഹൃദയ ഭക്തരായ ഞങ്ങളുടെ പ്രാർത്ഥനകൾ / അങ്ങ് കൈക്കൊള്ളണമേ. പ്രത്യേകമായി ഈ നൊവേനയിൽ ഞങ്ങളപേക്ഷിക്കുന്ന കാര്യങ്ങൾ സാധിച്ചുതന്ന് / ഞങ്ങൾക്കു സമാധാനവും സഹായവും നൽകണമെന്ന് അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

## സമൂഹ പ്രാർത്ഥന

*(ഈശോ വിശുദ്ധ മർഗരീത്താ മറിയത്തിനു പ്രത്യക്ഷപ്പെട്ട് നൽകിയ 12 വാഗ്ദാനങ്ങളെക്കുറിച്ച് നമുക്കു ധ്യാനിക്കാം.)*

**കാർമ്മി:** "എന്റെ ദിവ്യഹൃദയ ഭക്തരുടെ ജീവിതാന്തസ്സിനു വേണ്ട / എല്ലാ അനുഗ്രഹങ്ങളും ഞാൻ പ്രദാനംചെയ്യും" എന്നരുളിച്ചെയ്ത ഈശോയെ, ഞങ്ങളെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.
**സമൂ:** ഞങ്ങളെ അനുഗ്രഹിക്കണമേ.
**കാർമ്മി:** "അവരുടെ കുടുംബങ്ങളിൽ ഞാൻ സമാധാനം നൽകും" എന്നരുളിച്ചെയ്തത ഈശോയെ,
**സമൂ:** ഞങ്ങളെ അനുഗ്രഹിക്കണമേ.
**കാർമ്മി:** "അവരുടെ സങ്കടങ്ങളിൽ ഞാൻ അവരെ ആശ്വസിപ്പിക്കും" എന്നരുളിച്ചെയ്തത ഈശോയെ,
**സമൂ:** ഞങ്ങളെ അനുഗ്രഹിക്കണമേ.
**കാർമ്മി:** "ജീവിതകാലത്തും പ്രത്യേകം അവരുടെ മരണസമയത്തും / ഞാൻ അവർക്ക് ഉറപ്പുള്ള സങ്കേതമായിരിക്കും" എന്നരുളി ചെയ്ത ഈശോയെ,
**സമൂ:** ഞങ്ങളെ അനുഗ്രഹിക്കണമേ.
**കാർമ്മി:** "അവരുടെ എല്ലാ പ്രയത്നങ്ങളിലും ഞാൻ അനവധി ആശീർവാദങ്ങൾ നൽകും" എന്നരുളിചെയ്ത" ഈശോയെ,
**സമൂ:** ഞങ്ങളെ അനുഗ്രഹിക്കണമേ.
**കാർമ്മി:** "പാപികൾ എന്റെ ഹൃദയത്തിൽ / അനുഗ്രഹത്തിന്റെ വറ്റാത്ത ഉറവയും സമുദ്രവും കണ്ടെത്തും" എന്നരുളിച്ചെയ്ത ഈശോയെ,
**സമൂ:** ഞങ്ങളെ അനുഗ്രഹിക്കണമേ.
**കാർമ്മി:** "മന്ദതയുള്ള ആത്മാക്കൾ തീക്ഷ്ണതയുള്ളവരാകും" എന്നരുളിച്ചെയ്ത ഈശോയെ,
**സമൂ:** ഞങ്ങളെ അനുഗ്രഹിക്കണമേ.
**കാർമ്മി:** "തീക്ഷ്ണതയുള്ള ആത്മാക്കൾ / അതിവേഗം പരിപൂർണ്ണതയുടെ പദവിയിൽ പ്രവേശിക്കും" എന്നരുളിച്ചെയ്ത ഈശോയെ,
**സമൂ:** ഞങ്ങളെ അനുഗ്രഹിക്കണമേ.
**കാർമ്മി:** "എന്റെ തിരുഹൃദയരൂപം പ്രതിഷ്ഠിച്ചു വണങ്ങുന്ന ഭവനങ്ങളിൽ / എന്റെ ആശീർവാദമുണ്ടാകും" എന്നരുളിച്ചെയ്ത ഈശോയെ,
**സമൂ:** ഞങ്ങളെ അനുഗ്രഹിക്കണമേ.
**കാർമ്മി:** "കഠിനഹൃദയരായ പാപികളെ / മനസ്സുതിരിക്കുന്നതിനുള്ള വരം / വൈദികർക്കു ഞാൻ നൽകും" എന്നരുളിച്ചെയ്ത ഈശോയെ,
**സമൂ:** ഞങ്ങളെ അനുഗ്രഹിക്കണമേ.
**കാർമ്മി:** "തിരുഹൃദയഭക്തി പ്രചരിപ്പിക്കുന്നവരുടെ നാമം / എന്റെ ഹൃദയത്തിൽ ഞാൻ സൂക്ഷിക്കും" എന്നരുളിച്ചെയ്ത ഈശോയെ,
**സമൂ:** ഞങ്ങളെ അനുഗ്രഹിക്കണമേ.
**കാർമ്മി:** "ഒൻപത് ആദ്യവെള്ളിയാഴ്ച തുടർച്ചയായി / വിശുദ്ധ കുർബാന സ്വീകരിക്കുന്നവർക്ക് / അവസാനം വരെയുള്ള നിലനില്പിന്റെ വരം നൽകും" എന്നരുളിച്ചെയ്ത ഈശോയെ,
**സമൂ:** ഞങ്ങളെ അനുഗ്രഹിക്കണമേ.

**കാർമ്മി:** "വഴിയും സത്യവും ജീവനും ഞാനാകുന്നു" എന്നും / "അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ എല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം", എന്നും / "എന്റെ നാമത്തിൽ നിങ്ങൾ എന്നോട് അപേക്ഷിക്കുന്നതെല്ലാം / ഞാൻ നിങ്ങൾക്കു തരും" എന്നും / അരുൾചെയ്ത ഈശോനാഥാ, അങ്ങ് ഞങ്ങളുടെ പ്രാർത്ഥനകൾ കൈക്കൊണ്ട് / ഞങ്ങളെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

## ലുത്തിനിയ

**കാർമ്മി:** നമുക്കെല്ലാവർക്കും വിശ്വാസത്തോടും പ്രതീക്ഷയോടുംകൂടെ / ഈശോയുടെ ദിവ്യഹൃദയമേ, ഞങ്ങളെ അനുഗ്രഹിക്കണമേ എന്നു പ്രാർത്ഥിക്കാം.

**സമൂ:** ഈശോയുടെ ദിവ്യഹൃദയമേ, ഞങ്ങളെ അനുഗ്രഹിക്കണമേ.

**കാർമ്മി:** കാലിത്തൊഴുത്തിൽ പിറന്ന്, 33 വത്സരം ഇഹലോകത്തിൽ ജീവിച്ച്, കാൽവരിയിൽ കുരിശിൽ മരിച്ച്, മൂന്നാംദിനം ഉയിർത്തെഴുന്നേറ്റ്, ഞങ്ങളെ രക്ഷിച്ച ഈശോനാഥാ, ഞങ്ങളെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** ഈശോയുടെ ദിവ്യഹൃദയമേ, ഞങ്ങളെ അനുഗ്രഹിക്കണമേ.

**കാർമ്മി:** ഞങ്ങളുടെ നിരവധിയായ പാപങ്ങൾ ഞങ്ങളോടു ക്ഷമിക്കണമെന്നും, മേലിൽ പാപത്തിൽ വീഴാതെ ഞങ്ങളെ അനുഗ്രഹിക്കണമെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** ഈശോയുടെ ദിവ്യഹൃദയമേ, ഞങ്ങളെ അനുഗ്രഹിക്കണമേ.

**കാർമ്മി:** പ്രകൃതിക്ഷോഭം, തീരാരോഗങ്ങൾ, അപകടങ്ങൾ, ദാരിദ്ര്യം ഇവയിൽനിന്നും മോചനം നൽകി ഞങ്ങളെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** ഈശോയുടെ ദിവ്യഹൃദയമേ, ഞങ്ങളെ അനുഗ്രഹിക്കണമേ.

**കാർമ്മി:** നല്ലകാലാവസ്ഥയും സമൃദ്ധമായ വിളവുകളും നൽകി ഞങ്ങളെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** ഈശോയുടെ ദിവ്യഹൃദയമേ, ഞങ്ങളെ അനുഗ്രഹിയണെമേ.

**കാർമ്മി:** എല്ലാ മനുഷ്യരും സഹോദരസ്നേഹത്തിലും സഹവർത്തിത്വത്തിലും സാധുജനാനുകമ്പയിലും വളർന്നുവരുവാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** ഈശോയുടെ ദിവ്യഹൃദയമേ, ഞങ്ങളെ അനുഗ്രഹിക്കണമേ.

**കാർമ്മി:** ഞങ്ങളുടെ മക്കൾ സ്നേഹത്തിലും അനുസരണയിലും ദൈവഭക്തിയിലും അധികാരാദരവിലും വളർന്നുവരുവാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** ഈശോയുടെ ദിവ്യഹൃദയമേ, ഞങ്ങളെ അനുഗ്രഹിക്കണമേ.

**കാർമ്മി:** എല്ലാ വിദ്യാർത്ഥീ-വിദ്യാർത്ഥിനികൾ / പഠനത്തിൽ സമർത്ഥരും / സഹപാഠികളോടു സ്നേഹമുള്ളവരും / അദ്ധ്യാപകരോട് ആദരവുള്ളവരുമായി വളർന്നുവരുവാൻ / അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** ഈശോയുടെ ദിവ്യഹൃദയമേ, ഞങ്ങളെ അനുഗ്രഹിക്കണമേ.

**കാർമ്മി:** ഈ നൊവേനയിൽ സംബന്ധിച്ച് പ്രാർത്ഥിക്കുന്ന / ഞങ്ങൾ ഓരോരുത്തരുടെയും ആവശ്യങ്ങൾ / സാധിച്ചുതന്ന് ഞങ്ങളെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** ഈശോയുടെ ദിവ്യഹൃദയമേ, ഞങ്ങളെ അനുഗ്രഹിക്കണമേ.

**കാർമ്മി:** എന്റെ ഈശോയെ, ഗാഗുൽത്താമലയിൽ / രണ്ടു കള്ളന്മാരുടെ നടുവിൽ / കുരിശിന്മേൽ തൂങ്ങിക്കിടന്ന് / അങ്ങേ തിരുഹൃദയം കുന്തത്താൽ കുത്തിത്തുറക്കപ്പെട്ട്, അവസാനതുള്ളി രക്തംവരെ ചിന്തി / മനുഷ്യകുലത്തെ രക്ഷിച്ചതിനെ ഓർത്ത് / ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു. ഞങ്ങളുടെ പാപങ്ങളുടെ കാഠിന്യത്താലാണ് / അങ്ങ് ഇത്ര കഠോരമായ പീഡകൾ സഹിച്ചത് എന്ന് ഓർത്ത് / ഞങ്ങൾ പൊറുതിയപേക്ഷിക്കുന്നു. കരുണാവാരിധിയും പാപങ്ങൾ പൊറുക്കുന്നവനുമായ ദൈവമേ, അങ്ങേ സന്നിധിയിൽ കേണപേക്ഷിക്കുന്ന / ഞങ്ങളുടെ പാപങ്ങൾ മായ്ച്ചുകളയുകയും / സ്വർഗ്ഗഭാഗ്യത്തിന് അർഹരാക്കുകയും ചെയ്യണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ. ആമ്മേൻ.

## സമാപന പ്രാർത്ഥന

**കാർമ്മി:** സ്നേഹംനിറഞ്ഞ ഈശോയുടെ ദിവ്യഹൃദയമേ, ***സമൂഹവും ചേർന്ന്*** അങ്ങേ തിരുമുമ്പിൽ സാഷ്ടാംഗം പ്രണമിച്ച് / എന്റെ പൂർണ്ണഹൃദയത്തോടെ / അങ്ങയെ ആരാധിക്കുന്നു. അങ്ങേ ദിവ്യഹൃദയത്തിൽ / എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു. കാരുണ്യവാനായ ഈശോയെ, പാപത്താൽ വിരൂപമായിരിക്കുന്നതും / കോപാഗ്നിയാൽ ജ്വലിക്കുന്നതുമായ / എന്റെ ഹൃദയത്തെ കടാക്ഷിക്കണമേ. എന്റെ നല്ല ഈശോയെ, എന്റെ എല്ലാ ദുർഗുണങ്ങളും നീങ്ങുന്നതിനും / അങ്ങേ സ്നേഹശീലവും ക്ഷമയും / കണ്ടുപഠിക്കുന്നതിനും വേണ്ട അനുഗ്രഹം നൽകണമേ. അങ്ങേ മഹത്വത്തിനും ശക്തിക്കു യോജിച്ചവിധം അങ്ങയെ സ്നേഹിക്കത്തക്ക ഒരു ഹൃദയം എനിക്കു നൽകണമേ. കർത്താവേ അങ്ങേ അനന്തകൃപയാൽ / എന്റെ പ്രാർത്ഥന സ്വീകരിച്ച് / എന്നെ അനുഗ്രഹിക്കണമേ. ആരാധനയക്കു പാത്രമായ ഈശോയുടെ ദിവ്യഹൃദയമേ, അങ്ങ് എന്റെ ആവശ്യങ്ങളും ആഗ്രഹങ്ങളും / വ്യക്തമായി അറിയുന്നുവെന്നു ഞാൻ വിശ്വസിക്കുന്നു. അങ്ങ് ഞങ്ങൾ ഓരോരുത്തരേയും കനിഞ്ഞ് അനുഗ്രഹിക്കണമേ. ഈ നൊവേനയിൽ ഞങ്ങൾ പ്രത്യേകം പ്രാർത്ഥിക്കുന്ന ആവശ്യം / അങ്ങേ കൃപാകടാക്ഷത്താൽ സാധിച്ചുതന്ന് / ഞങ്ങളെ രക്ഷിക്കണമെന്നു / ഞങ്ങൾ വിനയപുരസരം അപേക്ഷിക്കുന്നു. ആമ്മേൻ.

*(Sacred Heart Knanaya Catholic Forane Parish, Chicago)*